# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.6415

11..07..2012 – ൽ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

### മഹിളാ പ്രധാൻ ഏജൻറുമാരുടെ സേവന വേതന വ്യവസ്ഥ

**ചോദ്യം**

ശ്രീ.പി.സി. വിഷ്ണുനാഥ്

**ഉത്തരം**

ശ്രീ. കെ.എം. മാണി,
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| എ | നിലവിൽ മഹിളാപ്രധാൻ ഏജൻറുമാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളും അലവൻസുകളുമാണ് സർക്കാർ പോസ്റ്റ് ഓഫീസുകൾ വഴി നൽകുന്നത് എന്ന് വ്യക്തമാക്കുമോ; | മഹിളാ പ്രധാൻ ഏജൻറുമാർക്ക് കേന്ദ്ര സർക്കാർ 4% കമ്മീഷൻ പോസ്റ്റ് ഓഫീസുകൾ വഴി നൽകിവരുന്നു. |
| ബി | മഹിളാപ്രധാൻ ഏജൻറുമാരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | മഹിളാപ്രധാൻ ഏജൻറുമാർ ആവർത്തന നിക്ഷേപ പദ്ധതിയിൽ നിക്ഷേപകരെ ചേർക്കുകയും അവരിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപം 5 ദിവസത്തിനുള്ളിൽ പോസ്റ്റോഫീസിൽ നിക്ഷേപിച്ച് അതിൻെറ പാസ് ബുക്ക് നിക്ഷേപകനു നൽകുകയുമാണ് ചെയ്യുന്നത്. ഇതിനു പ്രതിഫലമായി കേന്ദ്രസർക്കാർ 4% കമ്മീഷൻ പോസ്റ്റ് ഓഫീസുകൾ വഴി നൽകിവരുന്നു. സംസ്ഥാന സർക്കാർ ഇവർക്കായി ക്ഷേമപദ്ധതികൾ, പെൻഷൻ പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| സി | ഇതുമായി ബന്ധപ്പെട്ട് ഫിനാൻസ് അഡ്മിനിസ്ട്രേഷൻ വകുപ്പിൽ 6.12.2011-ലെ എ5/64887/2011 നമ്പർ ഫയലിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | 1.04.2007 മുതൽ 31.12.2010 വരെയുള്ള കാലയളവിൽ നിയമിച്ച 476 മഹിളാ പ്രധാൻ ഏജൻറുമാരെ അലവൻസ് സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യമാണ് എ5/64887/2011 നമ്പർ ഫയലിൽ കൈകാര്യം ചെയ്യുന്നത്. 16.06.2012 ലെ സർക്കാർ ഉത്തരവ് (സാധ) നം. 5933/12/ധന പ്രകാരം ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാപ്രധാൻ ഏജൻറുമാരെയും എസ്.എ.എസ് ഏജൻറുമാരെയും സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് മേഖലകളിൽ പ്രയോജനപ്പെടുത്തുവാനും അവരുടെ അധിക സേവനം അവരുടെ നിക്ഷേപ സമാഹരണ പ്രയത്നത്തിന് ആനുപാതികമായി നിശ്ചയിച്ച് മഹിളാ പ്രധാൻ ഏജൻറ്മാർക്ക് 5.25 ശതമാനം വരേയും എസ്.എ.എസ് ഏജൻറുമാർക്ക് 1.1 ശതമാനം വരേയും പ്രതിഫലം അനുവദിക്കാനും ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനു വേണ്ടി നാഷണൽ സേവിംഗ്സ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത ഫയലിൽ നടപടികൾ സ്വീകരിച്ചുവരികയാണ് . |
| ഡി | മഹിളാ പ്രധാൻ ഏജൻറുമാരുടെ ആവശ്യങ്ങൾ പരിഗണിച്ച് അവ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | 16.06.2012 ലെ സ.ഉ (സാധ) നം. 5933/12/ധന ഉത്തരവിൻെറ അടിസ്ഥാനത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാപ്രധാൻ ഏജൻറുമാരുടെ ആവശ്യങ്ങൾ പരഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ